പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ: 1733 — 14.12.2012- ൽ മറുപടിയ്ക്ക്

**സ്നേഹപുഷ്പം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,,വി. ഡി. സതീശൻ<br>,, അൻവർ സാദത്ത്<br>,, ലൂഡി ലൂയിസ് | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്നേഹപുഷ്പം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | 'സ്നേഹപുഷ്പം' എന്ന പദ്ധതി സാമൂഹ്യ നീതി വകുപ്പിൽ നടപ്പിലാക്കി വരുന്നില്ല. എന്നാൽ 'സ്നേഹപൂർവ്വം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം മാതാപിതാക്കൾ രണ്ടു പേരും മരണപ്പെടുകയോ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്ന യാളിന് കുഞ്ഞുങ്ങളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കു കയും ചെയ്യുമ്പോൾ കുഞ്ഞുങ്ങളെ അനാഥാലയങ്ങളിൽ ചേർക്കാതെ സ്വഭവനങ്ങളിൽ / ബന്ധു ഭവന ങ്ങളിൽ അവരുടെ ശിക്ഷണത്തിൽ വളർത്തി വിദ്യാഭ്യാസം നൽകുന്ന തിന് സാമ്പത്തിക സഹായം നൽകി കുട്ടികളെ സാമൂഹ്യ പ്രതിബദ്ധത യുള്ളവരായും ഉത്തമ പൗരന്മാ രായും വളർത്തിയെടുക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ ആവിഷ്ക്കരി ച്ചിട്ടുള്ള സ്നേഹപൂർവ്വം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട് |
| (ബി) | മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടി കളുടെ ക്ഷേമത്തിനും സുര ക്ഷയ്ക്കും എന്തെല്ലാം കാര്യങ്ങ ളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | കുട്ടികളെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ. വിഭാഗത്തിൽ പെട്ടതും സർക്കാർ വിദ്യാലയങ്ങളിൽ 1-ാം ക്ലാസു മുതൽ 5-ാം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപയും 6-ാം ക്ലാസു മുതൽ 10-ാം ക്ലാസു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപയും +1, +2 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വിതവും വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ സർക്കാർ നിയമിച്ച ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തികച്ചും അർഹരായ 5 വയസ്സിന് താഴെയുള്ള കുട്ടികളെയും ഈ ധന സഹായത്തിനായി പരിഗണിക്കും. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; | (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ, ജന പ്രതിനിധികളുടെ സഹകരണ ത്തോടെ നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടി കളുടെ വിദ്യാഭ്യാസ ചെല വിനായി എന്തെല്ലാം ധനസഹായ ങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത് ? | (ഡി) | 5 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും 1-ാം ക്ലാസു മുതൽ 5-ാം ക്ലാസു വരെ പഠിക്കുന്ന കുട്ടികൾക്കും പ്രതിമാസം 300/- രൂപയും 6-ാം ക്ലാസു മുതൽ 10-ാം ക്ലാസു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപയും +1, +2 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രുപ വിതവും വിദ്യാഭ്യാസ ധനസഹായം അനുവദി ക്കുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ